# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 881    03.12.2014 - ൽ മറുപടിക്ക്

## വെള്ളക്കരം കുടിശ്ശിക

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. സാജു പോൾ | | പി ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | വാട്ടർ അതോറിറ്റിക്ക് കുടിവെള്ളക്കരം ഇനത്തിൽ കുടിശ്ശികയായിട്ടുള്ള തുകയെ സംബന്ധിച്ച് വിശദ വിവരം നല്കുമോ; | (എ) | 31/03/2014-ൽ കുടിശ്ശികയിനത്തിൽ പിഴയും പിഴപ്പലിശയും സർചാർജും ചേർത്ത് 613.78 കോടി രൂപ ലഭിക്കാനുണ്ട്. |
| (ബി) | കോടതികളിൽ നിന്നും ഗവൺമെന്റിൽ നിന്നുമുള്ള സ്റ്റേ ഉത്തരവ്മൂലം പിരിച്ചെടുക്കാൻ സാധിക്കാത്ത തുക എത്രയാണെന്ന് അറിയിക്കുമോ; | (ബി) | സ്റ്റേ ഉത്തരവു മൂലം 14.31 ലക്ഷം രൂപ പിരിച്ചെടുക്കാൻ സാധിച്ചിട്ടില്ല. |
| (സി) | വെള്ളക്കരം ഇനത്തിൽ 2013-14 വർഷത്തിൽ ലഭിച്ച മൊത്തം തുകയെത്രയാണ്; | (സി) | 2013-14 വർഷത്തിൽ 319.22 കോടി രൂപ പൊതുടാപ്പ് ഉൾപ്പെടെ കുടിവെള്ള ചാർജ് ഇനത്തിൽ ലഭിച്ചിട്ടുണ്ട്. |
| (ഡി) | 2013-14 സാമ്പത്തിക വർഷത്തെ അവസാനത്തെ രണ്ട് മാസത്തിൽ വെള്ളക്കരം ഇനത്തിൽ ലഭിച്ച മൊത്തം തുക എത്രയാണെന്ന് അറിയിക്കുമോ? | (ഡി) | 65.91 കോടി രൂപ 2013-14 ഫെബ്രുവരി - മാർച്ച് മാസങ്ങളിൽ ലഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ